II ഇ.ബി. XIV-കേരള നിയമസഭ/I-2

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂൺ 29, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31) നികുതി ചോർച്ച തടയാൻ നടപടി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നികുതി ചോർച്ച തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഴിമതി ഇല്ലാതാക്കുക; കാര്യക്ഷമത ഉയർത്തുന്നതിന് കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുക; സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ സ്ഥാപിക്കുക; ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക; കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ ബില്ലുകൾ തത്സമയം അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുക;

കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരിക; ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കുക; അപ്പീൽ കേസുകളും കോടതി കേസുകളും വേഗത്തിൽ തീർപ്പാക്കുക; റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുക; റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് സഭയെ അറിയിച്ചു. നികുതി പിരിവ് ആധുനീകരിച്ചും കാര്യക്ഷമമാക്കിയും അഴിമതി ഇല്ലാതാക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നതാണ്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. വാളയാർ ചെക്ക്പോസ്റ്റ് അഴിമതി രഹിതമാക്കുന്നതിനും സ്വർണ്ണക്കച്ചവടക്കാരിൽ നിന്നുള്ള നികുതി ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുകയും ഇൻപുട്ട് ടാക്സ് സമയബന്ധിതമായി റീഫണ്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. കേന്ദ്രസർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജി.എസ്.ടി. ബിൽ ഉപഭോക്തൃ

സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനയുണ്ടാക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5 (*32) ധന ഉത്തരവാദിത്വ നിയമം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള മൊത്തം ആഭ്യന്തര ഉൽപ്പാദനം കുറച്ചുകൊണ്ട് റവന്യൂ കമ്മി ഇല്ലാതാക്കുക റവന്യൂമിച്ചം വർദ്ധിപ്പിച്ച് ആസ്തികളെക്കാൾ കൂടുതലുള്ള ബാധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുക; 2011-12, 2012-13 വർഷങ്ങളിലെ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.5 ശതമാനത്തിൽ കവിയാതെ നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനകമ്മി മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി കുറയ്ക്കുക; 2011-12 മുതൽ 2014-15

വരെ ആകെ കടബാധ്യത മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 32.3%, 31.7%, 30.7%, 29.8% എന്ന ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുക എന്നിവയാണ് 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിന്റെ പ്രധാന വ്യവസ്ഥകളെന്ന് സഭയെ അറിയിച്ചു. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകളും നികുതി (Tax-GSDP) വളർച്ചാ നിരക്കിലുള്ള കുറവും കാരണം 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞില്ലെങ്കിലും കടബാധ്യത ജി.എസ്.ഡി.പി.യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിലും സംസ്ഥാനത്തിന്റെ വിഹിതത്തിലും വർദ്ധന വരുത്തിയെങ്കിലും സംസ്ഥാനങ്ങൾക്ക് നൽകുന്ന ആകെ വിഹിതം 61-62 ശതമാനമായി

നിലനിർത്തിയതിനാൽ കേന്ദ്ര നികുതിയിനങ്ങളുടെ സംസ്ഥാന വിഹിതത്തിൽ മിതമായ വർദ്ധന മാത്രമാണ് ഉണ്ടായിട്ടുള്ളത്. റവന്യൂ ചെലവ് കുറയ്ക്കുന്നതിനായി ശമ്പളം, പെൻഷൻ, ക്ഷേമ-വികസന പ്രവർത്തനങ്ങൾ തുടങ്ങിയ അനിവാര്യ ചെലവുകളിന്മേൽ നിയന്ത്രണം ഏർപ്പെടുത്തില്ലെന്നും നികുതി ചോർച്ച തടഞ്ഞ് വരുമാന നിരക്ക് 20-25 ശതമാനം വർദ്ധിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>ഊർജ്ജ വികസന പ്രവർത്തനങ്ങൾ</u>

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, 66.9 മെഗാവാട്ട് ശേഷിയുള്ള ആറ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നതിനുപുറമെ, 142.5 മെഗാവാട്ട് ശേഷിയുള്ള 16 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജത്തിൽ നിന്നും 72.53 മെഗാവാട്ടിന്റെയും കാറ്റിൽ നിന്നും 42.375 മെഗാവാട്ടിന്റെയും പദ്ധതികൾ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി സഭയെ

അറിയിച്ചു. പുതിയ ജലവൈദ്യുത പദ്ധതികൾക്കായി 27 കോടി രൂപയും പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനായി ഒരു കോടി രൂപയും കാറ്റ്, സൗരോർജ്ജം എന്നീ സ്രോതസ്സുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾക്കായി 50 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017-ഓടുകൂടി കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതാണ്. ആറ്റിങ്ങൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മുടങ്ങിക്കിടക്കുന്ന എല്ലാ വൈദ്യുത പദ്ധതികളും പുനരാരംഭിക്കുന്നതിന് ശ്രമം നടത്തുന്നതോടൊപ്പം പരിസ്ഥിതിക്ക് കോട്ടംതട്ടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതും പരിഗണിക്കുന്നതുമാണെന്ന് മന്ത്രി വ്യക്തമാക്കി. കോട്ടയം ജില്ലയിലെ ജനപ്രതിനിധികളും ബഹുജന സംഘടനകളും ഒത്തൊരുമിച്ച് കൂടംകുളം-ഇടമൺ പവ്വർ ഹൈവേ ലൈൻ വലിക്കുന്നതിലുള്ള തടസ്സം നീക്കുന്നതിന് ശ്രമിക്കണമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര

ചിഹ്നമിടാത്ത 270 മുതൽ 477 വരെയുള്ള ചോദ്യങ്ങളിൽ 118 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *